**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 71118/AC A10-4/2025/എ സി സി 1

തീയതി: 30.04.2026

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- പി . എച്ച് . ഡി . - 2024 & 2025 അഡ്മിഷൻ - പി . എച്ച് . ഡി -ക്ക് പ്രവേശനം നേടിയ ഗവേഷകരുടെ കോഴ്സ് വർക്ക് പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർവകലാശാല ഉത്തരവ് നമ്പർ 2624/AC A10/2026/MGU തീയതി 12.03.2026
2. വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നുള്ള അപേക്ഷ
3. ബഹു : വൈസ് ചാൻസലറുടെ 29.04.2026 തീയതിയിലെ ഉത്തരവ്

പി.എച്ച് .ഡി. കോഴ്സ് വർക്ക് ഹൈബ്രിഡ് മോഡിൽ പൂർത്തിയാക്കുന്നത് സംബന്ധിച്ച് സൂചന ( 1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല ഗവേഷണ കേന്ദ്രങ്ങളിലും ഈ ഉത്തരവ് 2025 വർഷം പ്രവേശനം നേടിയ ഗവേഷകർക്ക് മാത്രമേ അനുവദിക്കുന്നുള്ളു എന്ന് പരാതി ഉയർന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തി, അതായത് **2024 വർഷം പ്രവേശനം നേടിയ പാർട്ട് ടൈം ഗവേഷകർക്ക് കോഴ്സ് വർക്ക് - ന്റെ രണ്ടാമത്തെ സ്പെൽ ഓൺലൈൻ മോഡിൽ പൂർത്തിയാക്കാവുന്നതാണ് എന്നും കോഴ്സ് വർക്കിന്റെ രണ്ടു സ്പെല്ലുകളും പൂർത്തിയാക്കാനുള്ള ഗവേഷകർക്ക് (2024 & 2025 അഡ്മിഷൻ ) ആദ്യ മൂന്നു മാസം ഓഫ്‌ലൈൻ മോഡിലും പിന്നീടുള്ള മൂന്ന് മാസം ഓൺലൈൻ മോഡിലും പൂർത്തിയാക്കാവുന്നതാണ് എന്നും കോഴ്സ് വർക്കിന്റെ രണ്ടു സ്പെല്ലുകളിലും 75% അറ്റന്റൻസ് നിർബന്ധമാണ്** എന്നും ഗവേഷണ കേന്ദ്രങ്ങൾക്ക് നിർദേശം നൽകുന്നതിന് ബഹു : വൈസ് ചാൻസലർ ഉത്തരവായതായി ഇതിനാൽ അറിയിക്കുന്നു.

**മിനിമോൾ കെ സക്കറിയാസ്**
അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

സ്വീകർത്താവ്

1. എല്ലാ ഗവേഷണ ഗവേഷണ കേന്ദ്ര മേധാവികൾക്കും ബന്ധപ്പെട്ട അക്കാഡമിക് സെക്ഷനുകൾ മുഖാന്തിരം
2. വൈസ് ചാൻസലറുടെ പി . എസ് / ഡിറക്ടർ ഓഫ് റിസേർച്ച്
3. രജിസ്ട്രാറുടെ പി . എ/ പരീക്ഷാകൺട്രോളറുടെ പി . എ
4. JR II (Admin)/DR I (Acad)/ AR IV(Acad)

Draft #5 of File 71118/AC A10-4/2025/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Apr-2026 12:48 PM - Page 1

Draft #5 of File 71118/AC A10-4/2025/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Apr-2026 12:48 PM - Page 2

The document is digitally approved. Hence signature is not needed.